കേരള സർക്കാർ

.

# കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.7)2356/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി: 14/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
കോട്ടപ്പടി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം:- കോട്ടപ്പടി ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(പി.7)2356/2018. തീയതി:14/02/2019

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും, ഉദ്യോഗപേരും | ജയ സി ആർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19-11-2018 മുതൽ 29-11-2018 വരെ | അബ്ദുൾ സലാം ടി.ഐ. ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ് സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോർജ്ജ്കുട്ടി ജോസഫ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നവാസ് സി.എം. ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ ജോയ് എബ്രഹാം | 1-4-2017 മുതൽ 31-3-2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.എസ്.ശ്രീകല സെക്രട്ടറി | 1/04/2017 മുതൽ 23-07-2017 വരെ 21/08/2017 മുതൽ 31/03/2018 വരെ |
| 2 | ശ്രീമതി. അഥിതി ദേവി അസിസ്റ്റന്റ് സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്ജ്) | 24/07/2017 മുതൽ 20/08/2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.അതുൽ ബി | 01-04-2017മുതൽ 18/10/17വരെ |
| | | ശ്രീമതി സഫീറ സി പി | 19/10/17മുതൽ 31/3/18 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്.ഷറഫുദ്ദീൻ | 01-04-2017 മുതൽ 31-03-2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലിജി.പി.എ. | 01-04-2017 മുതൽ 10-09-2017 വരെ |
| | | ശ്രീമതി സിഞ്ചു തോമസ് | 11/09/2017 മുതൽ 31-03-2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജെറാൾഡ്.ജെ.മാത്യു | 01-04-2017 മുതൽ 31-03-2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.രേഷ്മ ചന്ദ്രൻ | 01-04-2017 മുതൽ 30-06-2017 വരെ |
| | | ഡോ.എ. സോളമൻ | 1/07/17 മുതൽ 31/3/18 വരെ |
| 6 | ഹെഡ്മാസ്റ്റർ | ശ്രീമതി.ജെസ്സി.എം.വർഗ്ഗീസ് | 01-04-2017 മുതൽ 31-03-2018 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബോബി ഈപ്പൻ | 01-04-2017 മുതൽ 31-03-2018വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- കോട്ടപ്പടി സർക്കിൾ | ശ്രീമതി ബേബിമോൾ എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വടാശേരി സർക്കിൾ | ശ്രീ.ഹൈനസ്.സി.എം. | 01-04-2017 മുതൽ 31-03-2018 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. അഥിതി ദേവി | 01-04-2017 മുതൽ 31-03-2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി എലിസബത്ത് സി ജോർജ്ജ് | 01-04-2017 മുതൽ 31-03-2018 |

.

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | നിയമപ്രകാരമല്ലാതെ വസ്തു നികുതി കുടിശിക എഴുതിത്തള്ളി | 2-1 |
| 14 | സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 15 | ഡി & ഒ ലൈസൻസ് - സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്. | 2-3 |
| 16 | കാലാവധി കഴിഞ്ഞ ചെക്കുകൾ - അപാകതകൾ | 2-4 |
| | ഭാഗം-3 | |
| 17 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് – നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ | 3-2 |
| 19 | തെരുവ് നായ നിയന്ത്രണം. 2100/- രൂപ കൂടുതൽ നൽകി. | 3-3 |
| 20 | വിധവകളുടെ പെൺമക്കൾക്ക് ധനസഹായം - വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-4 |
| 21 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - അപാകതകൾ | 3-5 |
| 22 | അതിർത്തി നിർണ്ണയ ബോർഡുകൾ, ആസ്തികളുടെ ബോർഡുകൾ സ്ഥാപിക്കൽ– അപാകതകൾ | 3-6 |
| 23 | ഫ്രണ്ട് ഓഫീസ് സൗകര്യ വർദ്ധനവ് - പ്രോജക്ട് അപാകതകൾ | 3-7 |
| 24 | വനിതകൾക്ക് തായ്ക്കോണ്ടോ പരിശീലനം - ഗുണഭോക്തൃ ലിസ്റ്റ് ഇല്ല | 3-8 |
| 25 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര | 3-9 |
| | ഭാഗം-4 | |

| | | |
|---|---|---|
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 32 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 38 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24/3/2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23/3/2018തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 25/5/2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25/06/2018 മുതൽ 26/06/2018 വരെ | കെഎസ്എ-ഇകെഎം(പിജി)1786(35)/2018 തീയതി 29/08/2018 |

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 6481668 |
| വരവ് | 67540604 |
| ആകെ | 74022272 |
| ചെലവ് | 69572512 |
| നീക്കിയിരിപ്പ് | 4449760 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | ACR പ്രകാരം വരവ് | ആകെ | ചെലവ് | ശതമാനം | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10206000 | 10206000 | 9487646 | - | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5548610 | 5548610 | 4946376 | - | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 163934 | 163934 | 163934 | - | 0 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | 0 | 13145786 | 13145786 | 13143828 | - | 0 |
| മെയിന്റനൻസ്-നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 2591000 | - | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5154929 | 5154929 | 5084635 | - | 0 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | 0 | 2401664 | 2401664 | 2223877 | - | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 595000 | 595000 | 595000 | 100 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 1767 | 725000 | 726767 | 621171 | 85 | 105596 |
| ടി.എസ്.ബി | 121000 | 186000 | 307000 | 0 | 0 | 307000 |
| ഐ.സി.ഡി.എസ് | 465226 | 536264 | 1001490 | 863284 | 86.12 | 138206 |
| E-payment | 5000 | 17869 | 22869 | 0 | 0 | 22869 |
| ജനറൽ പർപ്പസ് | 2650704 | 6216000 | 8866704 | 8480995 | 95.64 | 385709 |
| SBT, KURDFC Loan | 129589 | 0 | 129589 | 129589 | 100 | 0 |
| ട്രഷറി | 46514 | 0 | 46514 | 46514 | 100 | 0 |
| SBT Own Fund | 870081 | 0 | 870081 | 269877 | 31.01 | 600204 |
| ശുചിത്വ മിഷൻ | 0 | 89583 | 89583 | 0 | 0 | 89583 |

| | | | | | | |
|---|---|---|---|---|---|---|
| കോട്ടപ്പടി SBI own fund | 1825978 | 14959014 | 16784992 | 14050609 | 83.7 | 2734383 |
| ബി - ഫണ്ട് | 0 | 247000 | 247000 | 247000 | 100 | 0 |
| ക്യാഷ് | 314577 | 49633 | 364210 | 314577 | 86.37 | 49633 |
| ദുരിതാശ്വാസനിധി | 3316 | 8062 | 11378 | 2800 | 24.60 | 8578 |
| NREGS | 47916 | 914883 | 967799 | 954800 | 98.65 | 7999 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 67983991 | 160 | 40292846 | 0 | 30 | 84.21% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47916 | 914883 | 962799 | 954800 | 7999 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 13601037 | 13601057 | 13601037 | 00 |
| ആകെ | 47916 | 14515920 | 14563836 | 14555837 | 7999 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27000 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 3069590 | 265 |
| വിധവാപെൻഷൻ | 6764900 | 586 |
| വാർദ്ധക്യകാലപെൻഷൻ | 17203100 | 1427 |
| വികലാംഗപെൻഷൻ | 2554700 | 205 |
| 50 വയസ്സിനുമുകളിൽ അവിവാഹിതകളായ സ്ത്രീകളുടെ പെൻഷൻ | 254800 | 21 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/11/2018 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5873/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഈ അപാകത ഉണ്ട്. ഗുണഭോക്തൃ ലിസ്റ്റിന്റെ നിയമപരമായ പ്രാധാന്യം മനസ്സിലാക്കി അതാത് ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് റിപ്പോർട്ട് ഭാഗം -3)

2.സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും യഥാസമയങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ നിർദ്ദേശിക്കുകയും സ്റ്റാൻഡിംഗ് കമ്മിറ്റികൾ അവ പരിശോധിച്ച് പഞ്ചായത്ത് കമ്മറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുകയും സ്റ്റാൻഡിംഗ് കമ്മിറ്റികൾ പഞ്ചായത്ത് കമ്മറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുള്ള ഏതെല്ലാം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കിയ പ്രോജക്ടുകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ (monitoring) നടന്നിട്ടുണ്ടോയെന്നും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. നടപ്പിലാക്കിയ പ്രോജക്ടുകളെക്കുറിച്ചുള്ള വിലയിരുത്തലുകൾ (monitoring) നടത്തിയിട്ടില്ലായെന്ന് ഈ സാഹചര്യത്തിൽ വ്യക്തമാണ്. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓഫീസ് സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും കൂടി പ്രവർത്തനങ്ങളുടെ പുരോഗതികൾ/ പോരായ്മകൾ വിലയിരുത്തേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

5.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

6. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ ഡി&ഓ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തേണ്ടതുമാണ്.

7. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

8. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധമായ എല്ലാ വിവരങ്ങളും കേസ് നടത്തിപ്പിനുണ്ടാകുന്ന എല്ലാ ചെലവുകളും കൃത്യമായി രേഖപ്പെടുത്തേണ്ടതും കേസ് ഫയലുകൾ പ്രത്യേകം

സൂക്ഷിക്കേണ്ടതുമാണ്.

9. രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകതയുണ്ട്. ആനുകൂല്യം കൈപ്പറ്റുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി പരിപാലിക്കുന്ന രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ കൃത്യത ഇല്ല. ആകെ എത്ര പേർക്ക് ആനുകൂല്യം നൽകി എന്ന വിവരം രജിസ്ററർ പ്രകാരം ലഭ്യമല്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

10.ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/11/2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | -- | -- |

.

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വസ്തു നികുതി കുടിശിക വാർഷിക കണക്കുകളിലെ അപാകത അനുബന്ധം-1 ന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിയമപ്രകാരമല്ലാതെ വസ്തു നികുതി കുടിശ്ശിക എഴുതിത്തള്ളി

2017-18ലെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ 2016-17 ലെ വാർഷിക കണക്ക് പ്രകാരം ബാക്കി നിന്നിരുന്ന വസ്തു നികുതി കുടിശിക നിയമപ്രകാരമല്ലാതെ എഴുതിത്തള്ളിയതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. 2016-17 വർത്തെ വാർഷിക ധനകാര്യ പത്രികയിൽ B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി പിരിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Receivables for Property Tax on Residential Building (Current) | 1310225 |

| | | |
|---|---|---|
| 2 | Receivables for Property Tax on Residential Building (Arrears) | 2220638 |
| | ആകെ | 3530863 |

2017-18 വർഷത്തെ വാർഷിക കണക്കുകളിൽ RP 43(Sundry Debtors Receivables) പ്രകാരം 2017-18 വർഷത്തെ കളക്ഷൻ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Receivables for Property Tax on Residential Building (Arrears) | 1160782 |
| 2 | Receivables for Property Tax on Non-Residential Building (Arrears) | 1390378 |
| | ആകെ | 2551160 |

2016-17 വർഷം വസ്തു നികുതി പിരിക്കാൻ ബാക്കിയുള്ള തുകയും 2017-18 ൽ പിരിച്ച തുകയും തമ്മിൽ 979703.00 രൂപയുടെ വ്യത്യാസം ഉണ്ട്. 979703.00 രൂപ കുറച്ചാണ് പിരിച്ചിരിക്കുന്നത്. 2017-18 വർഷത്തെ Balance Sheet, Shedule B 15 പ്രകാരം (Sundry Debtors Receivables) 2017-18 വർഷം പിരിക്കാനായി ബാക്കിയുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Receivables for Property Tax on Non Residential Building (Current) | 2888 |
| 2 | Receivables for Property Tax on Non-Residential Building (Arrears) | 11618 |
| | ആകെ | 14506 |

മേൽ വിവരിച്ച പ്രകാരം 2017-18 വർഷം വസ്തു നികുതി മുൻവർഷ കുടിശിക പിരിക്കാനായി ആകെ 965197.00 രൂപ (979703-14506) ബാക്കിയുണ്ട്. എന്നാൽ മേൽ തുക വാർഷിക കണക്കുകളിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24-03-2018 തീയതിയിൽ (രജിസ്റ്റർ പേജ് - 15) കൂടിയ യോഗത്തിലെ തീരുമാനം II പ്രകാരം 2016-17 വർഷം ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന വസ്തു നികുതി ഇനത്തിൽ 2017-18 വർഷത്തേക്ക് പിരിച്ചെടുക്കുവാൻ ശേഷിക്കുന്ന തുക ഗാർഹിക ഗാർഹികേതര കെട്ടിടങ്ങളുടേതുൾപ്പെടെ ആകെ 3530863/- രൂപയായിരുന്നു. എന്നാൽ കുടിശിക ഡിമാന്റിൽ മുൻ വർഷങ്ങളിൽ പൊളിച്ചു നീക്കപ്പെട്ടിരുന്ന കെട്ടിടങ്ങൾ ഉൾപ്പെട്ടിരുന്നതിനാലും, നികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം നികുതി അധികരിച്ചിരുന്നതിനാലും ആണ് കുടിശിക ഡിമാന്റിൽ ഇത്രയധികം തുക വന്നതെന്നും നികുതി പിരിവ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ സഞ്ചയ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുടിശിക ഡിമാന്റിൽ അധികമായി ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന 800501/- രൂപ വാർഷിക കണക്കിലെ വസ്തു നികുതി കുടിശിക കണക്കിൽ നിന്നും ഒഴിവാക്കുന്നതിന് ജനറൽ കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് എന്നിവ ഇല്ല.

എ. തീരുമാന പ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ (പാർപ്പിടം/പാർപ്പിടേതരം)

വിവരം അറിയിക്കുവാനും, ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ മേൽ തീരുമാനത്തിലെ ശുപാർശ പ്രകാരം ജനറൽ കമ്മിറ്റിയുടെ തീരുമാനം അറിയിക്കുവാനും, കുടിശിക കണക്കാക്കിയതിൽ വന്ന അപാകതകൾക്കും വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/21-11-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

ബി. കോട്ടപ്പടി ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ റീ-അസസ്സ്മെന്റ് 2013-14 വർഷം നടത്തിയ അവസരത്തിൽ ഗ്രാമ പഞ്ചായത്തിലെ 2000 സ്ക്വയർ ഫീറ്റിന് താഴെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഘടനാപരമായ മാറ്റം ഉണ്ട് എന്ന് സഞ്ചയയിൽ രേഖപ്പെടുത്തുകയും ആയതനുസരിച്ച് നികുതിയിൽ വ്യതിയാനം വരികയും ചെയ്തിരുന്നു. എന്നാൽ എല്ലാ വീടുകൾക്കും ഘടനാപരമായ വ്യതിയാനം ഇല്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16-12-2015 ലെ സ.ഉ.നം.(എം.എസ്.) 358/15 ത.സ്വ.ഭ.വ.ഉത്തരവിന്റെ അടിസ്ഥാനത്തിൽ,എല്ലാ വാർഡുകളിലും പോയി അന്വേഷണം നടത്തി ഘടനാപരമായ വ്യത്യാസം ഇല്ലാത്ത 2000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് പഴയ നികുതിയിലേക്ക് വരികയും ആദ്യം കയറി വന്ന ഡിമാന്റ് തുക ക്യാരി ഓവർ ചെയ്ത് വരികയും ചെയ്തു. 2017-18 വർഷത്തിൽ ഇത്തരം തെറ്റുകൾ വന്നത് പരിഹരിക്കുകയുമുണ്ടായി. ഇതനുസരിച്ച് സഞ്ചയയിൽ വന്ന ഡിമാന്റ് തുക കൃത്യമായ ഡിമാന്റ് തുകയായി കണക്കാക്കി ആ തുകയാണ് 2017-18 വർഷം ഡിമാന്റ് തുകയായി നൽകിയിരുന്നത്.ആയതിനാൽ 2016-17 ലെ വാർഷിക കണക്കിലെ B15 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുക തെറ്റായി ഉത്ഭവിച്ചതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശിക തുക എഴുതിത്തള്ളുന്നതിന് ആവശ്യമായ രേഖകളുടെ അപര്യാപ്തത ഉണ്ട്. ഒഴിവാക്കിയ കുടിശിക ഏത് കെട്ടിടങ്ങൾ സംബന്ധിച്ച് ആണെന്ന വിവരം,കെട്ടിടഉടമ,കെട്ടിടത്തിന്റെ വിസ്തീർണ്ണം മുതലായ വിവരങ്ങൾ മറുപടിയിൽ ഇല്ല. മറുപടിയിൽ പ്രതിപാദിച്ച പോലെ 100 ശതമാനം കളക്ഷൻ ലഭിക്കുന്നതിനായി വേണ്ടത്ര പഠനം നടത്താതെയാണ് ഇത്തരത്തിൽ തുക എഴുതിത്തള്ളിയത്. ഗ്രാമ പഞ്ചായത്തിന്റെ നികുതി പിരിവ് 2017-18 വർഷം പൂർണ്ണമാക്കുന്നതിന് നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണെങ്കിലും മേൽ അപാകതകൾ നികുതി പിരിവിൽ വിപരീത ഫലമുണ്ടാക്കും.

3. 1993 ലെ കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 131(3) പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കുന്ന ഏതൊരു പ്രമേയവും പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ വയ്ക്കേണ്ടതും അപ്രകാരമുള്ള പ്രമേയങ്ങളിൽ ആവശ്യമെന്ന് തോന്നുന്നപക്ഷം വേണ്ട മാറ്റം വരുത്തുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. മേൽ വിഷയത്തിൽ കോട്ടപ്പടി ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ മാത്രമാണ് മേൽ വിഷയത്തിൽ ഉള്ളത്(ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് – 24-03-2018 തീയതിയിൽ (രജിസ്റ്റർ പേജ് - 15) കൂടിയ യോഗത്തിലെ തീരുമാനം II). ആയതിനാൽ മേൽ കുടിശിക എഴുതിത്തള്ളിയത് നിയമപ്രകാരമല്ല.

4. സാംഖ്യ-സഞ്ചയ പ്യൂരിഫിക്കേഷനിൽ നിലവിൽ എഴുതിത്തള്ളിയ കുടിശിക വീണ്ടും ഡിമാന്റ് ആയി വരാമെന്ന സാഹചര്യവും നിലവിലുണ്ട്. ആയത് ഗ്രാമ പഞ്ചായത്തിന്റെ കണക്കുകളുടെ കൃത്യതയെ കാര്യമായി ബാധിക്കുമെന്നതിനാൽ ഓഡിറ്റ് ഈ വിഷയത്തെ ഗൗരവമായി കാണുന്നു.

മേൽ വിവരിച്ച അപാകതകൾ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. 2017-18 ൽ വാർഷിക കണക്കുകളിൽ നിന്നും

800501/- രൂപ ഒഴിവാക്കിയതിന്റെ വ്യക്തമായ സ്റ്റാറ്റിസ്റ്റിക്സ്, കെട്ടിടങ്ങളുടെ വിവരങ്ങൾ സഹിതം IKM എക്സ്പെർട്ടിന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ ഓഡിറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2017 -18 സാമ്പത്തികവർഷം ബി എസ് എൻ എൽ എന്ന സ്ഥാപനത്തിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No.16670/2006 തീയതി 9.9.2016 ഉത്തരവിൻപ്രകാരം ബി എസ് എൻ എൽ സ്ഥാപന തൊഴിൽനികുതി അടവാക്കുവാൻ ബാദ്ധ്യസ്ഥമാണ്. മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/27.11.18) 19.9.17, 9.8.17, 17.9.18 തീയതികളിൽ സ്ഥാപനതൊഴിൽനികുതി അടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തുനൽകിയെങ്കിലും നാളിതുവരെ സ്ഥാപനതൊഴിൽനികുതി അടവാക്കിയില്ലായെന്നും അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകുകയുണ്ടായി. സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ / ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഗ്രേസ് ഹാച്ചറി എക്യുപ്മെന്റ്സ് | 10 |
| 2 | ഫൈവ് സ്റ്റാർ പ്ലൈവുഡ്സ് | 25 |
| 3 | ദി വില്ലേജ് ഇൻ | 09 |

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, അക്ഷയസെന്ററുകളിലെ ജീവനക്കാർ, സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിലെ ജീവനക്കാർ, മരാമത്ത് കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/27.11.18) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഡി & ഒ ലൈസൻസ് അപേക്ഷകളിൻമേൽ വിശദമായ അന്വേഷണം നടത്തുകയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

.

## 2-3 ഡി & ഒ ലൈസൻസ് - സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ 2017-22 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം (മൃഗസംരക്ഷണവും ക്ഷീരവികസനവും പേജ് 5) പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ 90 കോഴി വളർത്തൽ കേന്ദ്രങ്ങൾ, 45 ഡയറി ഫാം, 5 ഗോട്ട് ഫാം, എന്നിവ പ്രവർത്തിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഡി & ഒ ലൈസൻസ് സംബന്ധമായ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും 17 കോഴി വളർത്തൽ കേന്ദ്രങ്ങൾ മാത്രമാണ് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയസെന്ററുകൾ എന്നിവ 2017-18 കാലയളവിൽ പഞ്ചായത്തിൽ നിന്നുമുള്ള ഡി & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2016-17 സാമ്പത്തികവർഷം 175 സ്ഥാപനങ്ങളും, 2017-18 സാമ്പത്തികവർഷം 183 സ്ഥാപനങ്ങളും മാത്രമാണ് ലൈസൻസിനായി പഞ്ചായത്തിനെ സമീപിച്ചത്.

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല (നം.12/27.11.17). ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും സംബന്ധിച്ചുള്ള വിവരം വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ച് സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 കാലാവധി കഴിഞ്ഞ ചെക്കുകൾ - അപാകതകൾ

1. പണമായി മാറാത്ത ഇഷ്യൂ ചെയ്ത ചെക്കുകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് ഇഷ്യൂ ചെയ്ത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം46). ദീർഘകാലമായി പണമായി മാറാത്ത ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക (രൂ.) |
|---|---|---|
| 6728 | 10.8.16 | 500 |
| 7124 | 31.12.16 | 2090 |
| 7492 | 27.9.17 | 2000 |
| 7461 | 14.7.17 | 2000 |
| 7344 | 17.5.17 | 2000 |
| 7407 | 25.5.17 | 950 |
| 7270 | 31.3.17 | 820 |

| | | |
|---|---|---|
| 6735 | 18.8.16 | 2000 |
| 7226 | 17.3.17 | 1350 |
| 7259 | 31.3.17 | 2800 |
| 7260 | 31.3.17 | 100 |
| 7920 | 10.5.18 | 7400 |

മേൽ ചെക്കുകൾ ക്യാൻസൽ ചെയ്ത് ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. <u>ചെക്കായി ലഭിച്ച തുക കാലാവധി കഴിഞ്ഞിട്ടും പണമാക്കി മാറ്റിയില്ല.</u>

പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ലഭിക്കുമ്പോൾ പണം ആക്കുന്നതിന് വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും, ബാങ്കുകൾ ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനുവേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും ചെക്ക് നൽകിയ ആളെ പഞ്ചായത്തിൽ നിന്ന് നൽകിയ രസീത് ക്യാൻസൽ ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 21, 22). എന്നാൽ പഞ്ചായത്തിൽ 2.5.2017- തീയതിയിൽ ഓണം അഡ്വാൻസ് ഇനത്തിൽ വരവുവന്ന 6000/- രൂപയുടെ ചെക്ക് (ചെക്ക് നമ്പർ 918311 തീയതി 28.3.2017, സോണൽ ഓഫീസ്, കണ്ണൂർ കോർപ്പറേഷൻ) നാളിതുവരേയും പണമായി മാറിയിട്ടില്ല.

ചെക്ക് നാളിതുവരേയും പണമാക്കി മാറ്റാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/28.11.17) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 21, 22 അനുശാസിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് – നിർവ്വഹണത്തിലെ അപാകതകൾ</u>

2017-18 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പേരിൽ 3 പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം എന്ന പ്രകാരമാണ് നിർവ്വഹണം നടത്തിയത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് /പ്രോജക്ട് നം | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം/S011/17-18 | 226480 | 76 വാട്ടർ ടാങ്കുകൾ @ 2980 |
| 2 | പട്ടികജാതിക്കാർക്ക് വാട്ടർ ടാങ്ക് വിതരണം രണ്ടാം ഘട്ടം /S0 222/17-18 | 179200 | 64 എണ്ണം@ 2800 |
| 3 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | 318600 | 118 എണ്ണം@ |

| | | | |
|---|---|---|---|
| | നൽകൽ മൂന്നാം ഘട്ടം /S0 224/17-18 | | 2700 |
| | ആകെ | 724280 | |

മേൽ മൂന്നു പ്രോജക്ടുകളിലായി ആകെ 724280/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ രീതിയിലാണ് മൂന്ന് പ്രോജക്ടിലേക്കും വാട്ടർ ടാങ്ക് വാങ്ങിയത് . വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രോജക്ട് നം | റേറ്റ് |
|---|---|---|---|
| 1 | ബെസ്റ്റ് ഹോം ഡക്കർ, കോതമംഗലം | S011/17-18 | 2980 |
| 2 | അമ്പഴച്ചാലിൽ ഏജൻസീസ് | S0222/17-18 | 2800 |
| 3 | ,, | S0 224/17-18 | 2700 |

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ ടാങ്ക് കൊടുക്കുന്ന ഗുണഭോക്താവിന്റെ വീടിന്റെ ഉടമസ്ഥത സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. ഗുണഭോക്താക്കൾ ഗ്രാമ പഞ്ചാത്തിൽ വന്ന് വാട്ടർ ടാങ്ക് കൊണ്ട് പോവുകയാണ് ചെയ്തത്. ഉടമസ്ഥത സർട്ടിഫിക്കറ്റ് ഇല്ലാതെ വാട്ടർ ടാങ്കുകൾ നൽകിയതിനാൽ യഥാർത്ഥ ഗുണഭോക്താവിനാണോ വാട്ടർ ടാങ്ക് നൽകിയത് എന്ന് ഉറപ്പാക്കുവാൻ സാധിക്കില്ല. ഇത് പ്രോജക്ട് നിർവ്വഹണത്തിലെ അപാകതയാണ്.

2. ഒരേ വർഷം തന്നെ ഒരേ തരത്തിലുള്ള 3 പ്രോജക്ടുകൾ നടപ്പിലാക്കിയത് വ്യക്തമായ അവസ്ഥാ വിശകലനത്തിന്റെ അഭാവമാണ് സൂചിപ്പിക്കുന്നത്. ഒരേ വർഷം തന്നെ ഒരേ തരത്തിലുള്ള പ്രോജക്ടുകൾ 3 പ്രാവശ്യം നടപ്പിലാക്കുന്നത് പത്ര പരസ്യം ചെയ്യുന്നത് പോലുള്ള അധിക ചെലവുകൾക്ക് കാരണമാകുന്നതാണ്. ആയതിനാൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തുമ്പാൾ അവസ്ഥാ വിശകലനം നടത്തിയതിന് ശേഷം നടത്തേണ്ടതാണ്.

3.GO(P)259/2010 LSGD 08-11-2010. പ്രകാരം 5,00,000 ലക്ഷത്തിന് മുകളിൽ ഓപ്പൺ ടെണ്ടറിംഗ് സംവിധാനമാണ് ഉപയോഗിക്കേണ്ടത്. ഇ-പ്രൊക്യർമെന്റ് നടപടികളും സ്വീകരിക്കാമായിരുന്നു. 2017-18 ലെ സൈക്കിൾ വാങ്ങൽ പ്രൊജക്ട് ഇ പ്രൊക്യർമെന്റ് വഴി ചെയ്തിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ വാട്ടർ ടാങ്ക് വിതരണത്തിന്റെ പ്രോജക്ടുകളിൽ ലിമിറ്റഡ് ടെണ്ടർ നടപടികൾ ആണ് അനുവർത്തിച്ചത്. 3 പ്രോജക്ടുകളും കൂടി ആകെ 724280/- രൂപ ചെലവുണ്ട്. മേൽ പ്രോജക്ട് ഒരു പ്രോജക്ടായിട്ടാണ് നിർവ്വഹണം നടത്തിയതെങ്കിൽ പ്രോക്യർമെന്റ് നടപടികൾ കൂടുതൽ വിതരണക്കാർ പങ്കെടുക്കുന്ന ഇ പ്രൊക്യർമെന്റ് വഴി ആക്കാനും വാങ്ങൽ നടപടി കൂടുതൽ സുതാര്യവുമാക്കാനും ഉതകുമായിരുന്നു.

4. പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ മൂന്നാം ഘട്ടം ( 224/17-18 ) പ്രോജക്ടിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളിൽ കേളചന്ദ്ര പോളിമേഴ്സ് എന്ന മാനുഫാക്ചറിംഗ് കമ്പനിയും ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ 25-02-2016 തീയതിയിലെ No. B7/361/16 നമ്പർ പ്രകാരമുള്ള സർട്ടിഫിക്കറ്റ് പ്രകാരം കേളചന്ദ്ര പോളിമേഴ്സ് വാട്ടർ ടാങ്ക് ഉണ്ടാക്കുന്ന കമ്പനിയാണ്, മേൽ സ്ഥാപനത്തെ സർക്കാർ വകുപ്പുകളിൽ ടെണ്ടർ വില, EMD, നിരത ദ്രവ്യം എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ISO 9001 : 2008 റേറ്റിംഗ് ഉള്ളതാണ്. ടെണ്ടറിൽ പങ്കെടുക്കുമ്പോൾ തന്നെ പൂർണ്ണമായ കരാറും ടി സ്ഥാപനം സമർപ്പിച്ചിരുന്നു. മേൽ പ്രൊജക്ടിനായി ഒരു വാട്ടർ ടാങ്കിന് 1945/- രൂപയാണ് കേളചന്ദ്ര ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ടെണ്ടർ അംഗീകരിച്ച

അമ്പഴച്ചാലിൽ ഏജൻസീസ് എന്ന സ്ഥാപനം 2700/-രൂപയ്ക്കാണ് ടെണ്ടർ പിടിച്ചത് (26-03-2018 തീയതിയിലെ നം. 1083 പ്രകാരമുള്ള ഇൻവോയിസ്). 28-03-2018 തീയതിയിൽ AMBAZHACHALIL AGENCIES, KOTHAMANGALAM, KERALA എന്ന് രേഖപ്പെടുത്തിയ ബില്ലിൽ (Approved Key Dealer of Merrit Singer machines) GST രജിസ്ട്രേഷൻ. ടിൻ വിവരങ്ങൾ എന്നിവ ഇല്ല. വാട്ടർ ടാങ്ക് പോലുള്ള ഉപകരണങ്ങൾ വിൽപ്പന നടത്തുന്നതിന് സ്ഥാപനം പ്രാപ്തമാണോ എന്നത് വ്യക്തമല്ല. സംബന്ധിച്ച വിവരങ്ങൾ ഇല്ല. സർക്കാർ അംഗീകരിച്ച മാനുഫാക്ച്ചററുടെ കുറഞ്ഞ നിരക്കിലെ ക്വട്ടേഷൻ അംഗീകരിക്കാതെ വാട്ടർ ടാങ്ക് ഡീലർഷിപ്പ് നടത്താത്ത സ്ഥാപനത്തിൽ നിന്നും (ബിൽ പ്രകാരം തയ്യൽ മെഷീൻ വിൽപ്പന നടത്തുന്ന സ്ഥാപനം) GSTIN രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങളും ടാക്സ് ഇൻവോയ്സുമില്ലാതെ സാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. മാനുഫാക്ചറിംഗ് കമ്പനിയായ കേളചന്ദ്രയിൽ നിന്നും വാട്ടർ ടാങ്ക് വാങ്ങിയാൽ ഒന്നിന് 1945/-രൂപയേ വരുമായിരുന്നുള്ളൂ. അപ്രകാരം വാങ്ങുമ്പോൾ ആകെ 229510/-(118x1945) രൂപയാണ് വരിക. എന്നാൽ 2700 രൂപാ നിരക്കിൽ 318600 രൂപ ചെലവഴിച്ചപ്പോൾ ആകെ 89090/- രൂപ അധികം ചെലവായി. കൂടാതെ ഈ പ്രോജക്ട് പ്രകാരം 96750/- രൂപ ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമായി ആകെ ലഭിച്ചിരിക്കുന്നത് 29025/-രൂപയാണ്. 2700 രൂപയുടെ 25% ആയ 675 രൂപ വീതം ആകെ ഗുണഭോക്തൃവിഹിതമിനത്തിൽ 79650/- രൂപ 118 പേരിൽ നിന്നായി ലഭിക്കേണ്ടിയിരുന്ന തിന്റെ സ്ഥാനത്ത് ആകെ 29025/- രൂപയാണ് ഈയിനത്തിലെ വരവ്. കേവലം 43 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 75 പേരിൽ കൂടി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/26.11.2018 ൽ ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ട് നിർവ്വഹണത്തിൽ ബാക്കി വന്ന തുകകൾ ചേർത്താണ് വീണ്ടും പ്രോജക്ടുകൾ വച്ചത് എന്ന് വിശദീകരിച്ചു. ഗ്രാമപഞ്ചായത്തിൽ അമ്പഴച്ചാലിൽ ഏജൻസീസ് സമർപ്പിച്ച ബില്ലുകൾ എല്ലാം ഖണ്ഡികയിൽ വിവരിച്ച അപാകതയുള്ളതിനാൽ സ്ഥാപനത്തിന് GST രജിസ്ട്രേഷനും TIN ഉം ഉള്ളതാണെന്ന വാദം അംഗീകരിക്കുന്നില്ല. വാദത്തെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല. വാട്ടർ ടാങ്ക് നൽകുന്ന ഗുണഭോക്താവിന്റെ വീടിന്റെ ഉടമസ്ഥത സർട്ടിഫിക്കറ്റ് ഹാജരാക്കാതെ നൽകിയതും ഗൌരവമേറിയ അപാകതയാണ്. ആയതിനാൽ പ്രോജക്ട് നിർവ്വഹണത്തിലെ ഇത്തരം ഗൌരവതര അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിന്മേൽ ഭരണസമിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

.

| | |
|---|---|
| പ്രൊജക്ട് നം. | S010/2017-18 |
| പ്രോജക്ടിന്റെ പേര് | ബിരുദം, ബിരുദാനന്തര ബിരുദം പോളിടെക്നിക് (ഡിപ്ളോമ) എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്-ടോപ്പ് |
| അടങ്കൽ | 1163136 (48*24232) |
| ചെലവ് | 1163136 (ഇ പ്രൊക്വർമെന്റ് സിസ്റ്റം) - Monger Box, Vyttila |

| | |
|---|---|
| ബിൽ നം. | നം. 21/17-18 -5815681/-23-01-2018<br>നം. 22/17-18 – 581568/-23-01-2018<br>ആകെ - 1163136/- |

മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാരലൽ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ വിവരങ്ങൾ ഇല്ല.

സ.ഉ.(എം.എസ്.)നമ്പർ 80/2017/തസ്വഭവ, തീയതി 03-04-2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 11-7 പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പാരലൽ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വിദ്യാർത്ഥികളുടെ പേര് | പഠിക്കുന്ന കോഴ്സ്/സ്ഥാപനം |
|---|---|---|
| 1 | സഞ്ചയ് M.S, മേച്ചേരിൽ | B Com / ജോസ് കോളജ് , കോതമംഗലം |
| 2 | ടെസ്സി മാളു D/O പരമു | B Com/Pearl CA College |

നിയമം അനുശാസിക്കുന്ന രീതിയിലും മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരവുമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ പ്രോജക്ട് നിർവ്വഹണം നടത്തിയതിന് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് അറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/26-11-2018 ന് ലഭ്യമാക്കിയ മറുപടിയിൽ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരം ചേർക്കാൻ വിട്ടുപോയതാണെന്നും, രണ്ട് പേരും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തുന്നവരാണെന്നും, അവരോട് പരീക്ഷയുടെ ഹാൾടിക്കറ്റ് പകർപ്പ് ആവശ്യപ്പെട്ടിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നുമാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്നും ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടുള്ള ജനക്ഷേമ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ആയതിന് വേണ്ടിയുള്ള രേഖകൾ പരിശോധിച്ച് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. നിർവ്വഹണത്തിലെ ഇത്തരം അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 തെരുവ് നായ നിയന്ത്രണം. 2100/- രൂപ കൂടുതൽ നൽകി.

| | | | |
|---|---|---|---|
| പ്രോജക്ട് നം&പേര് | S0061/2018, തെരുവുനായ നിയന്ത്രണം | | |
| നിർവഹണാധികാരി | വെറ്റിനറി സർജൻ, കോട്ടപ്പടി | | |
| അടങ്കൽ തുക | 55,000/- | | |
| ചെലവിന്റെ വിവരം | ബിൽ നം.(BRN) | തീയതി | തുക |
| | 17120852098400939006 | 25.01.2018 | 52,500/- |
| കൂടുതലായി നൽകിയ തുക [52500-50400(24x2100)] | | | 2100/- |

Annual Birth Control(ABC) പരിപാടിയിൽ ഉൾപ്പെടുത്തി 25 തെരുവ് നായ്ക്കളെ വന്ധീകരിക്കുന്നതിന് നായ ഒന്നിന് 2100/-രൂപ പ്രകാരം 52,500/-രൂപ കുടുബശ്രീ ജില്ലാ മിഷൻ

കോഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. 22.03.2018 മുതൽ 24.03.2018വരെ പഞ്ചായത്തിൽനിന്നും 24 തെരുവുനായ്ക്കളെ പിടികൂടി വന്ധീകരിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രത്തിന്റെ ഫോട്ടോകോപ്പി ഹാജരാക്കിയിട്ടുണ്ട്. 2100/- രൂപ കൂടുതലായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 25 തെരുവ് നായ്ക്കളെ പിടികൂടി വന്ധീകരിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി തൃപ്തികരമല്ല. അധികം ചെലവഴിച്ച 2100/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വിധവകളുടെ പെൺമക്കൾക്ക് ധനസഹായം - വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇന്ദിര സത്യവാൻ, വാലിയിൽ, കോട്ടപ്പടി എന്ന വിധവയുടെ മകൾ ആതിരയും ജിനേഷും തമ്മിലുള്ള വിവാഹം 11.09.2016-ൽ നടന്നിരുന്നു. വിധവകളുടെ പെൺമക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവാഹ ധനസഹായം നൽകണമെന്ന ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 30,000/- രൂപ ടിയാളുടെ 67227578726 -ാം നമ്പർ അക്കൗണ്ടിലേക്ക് ബിൽ നം.17120 85206 38011 01838 പ്രകാരം ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വിവാഹ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവു തുക 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S0221/17-18 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 200000/-(TSP-84200+Own Fund-115800) |
| ചെലവ് | 100000/-(TSP-80104+Own Fund-19896) |
| ബിൽ നം. | 1. 30/2017-18 – 50000/-<br>2. 32/2017-18 – 30104/-<br>3. ചെക്ക് നം. 7857- 19896/-<br>ആകെ - 100000/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

2017-18 വർഷം നടപ്പാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഠനമുറിക്ക് സഹായം നൽകിയ ഗുണഭോക്താവിന്റെ അപേക്ഷ ഫയലിൽ ഇല്ല.
2. ആകെ ഒരു ലക്ഷം രൂപയാണ് സഹായം നൽകിയത്. സഹായം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തൽ രജിസ്റ്ററിൽ ഇല്ല.
3. ഗുണഭോക്താവ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ/ഊരുകൂട്ട ലിസ്റ്റിൽ ഉൾപ്പെട്ടത് സംബന്ധിച്ച വിവരങ്ങൾ ഇല്ല.
4. പഠനമുറി സംബന്ധിച്ച സഹായം നൽകേണ്ടത് വിദ്യാർത്ഥികൾക്കാണ്. എന്നാൽ വിദ്യാർത്ഥിക്കാണ് ഈ ആനുകൂല്യം നൽകിയത് എന്നത് സംബന്ധിച്ച രേഖകൾ ഇല്ല.
5. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ല.
6. പഠനമുറി നിർമ്മാണത്തിനുള്ള NOC ലഭിച്ചതിന് രേഖയില്ല.

മേൽ വിവരിച്ചവയുള്ള വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/28-11-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ഊരുകൂട്ട ലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് ഗുണഭോക്താവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 23.12.2017 ന് കൂടിയ ഊരുകൂട്ട മിനിറ്റ്സ് രജിസ്റ്ററിൽ പി.കെ. സന്തോഷ് പാറയ്ക്കൽ രണ്ടാമതായി ഉൾപ്പെട്ടിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ അപേക്ഷ ഇല്ല എന്നതും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതും, വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയതെന്ന് സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കാത്തതും, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതും കെട്ടിട നിർമ്മാണത്തിന് NOC ഇല്ലാത്തതും നിർമ്മാണത്തിലെ അപാകതകളാണ്. അപാകതകളുടെ വെളിച്ചത്തിൽ ചെലവുതുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

.

## 3-6 അതിർത്തി നിർണ്ണയ ബോർഡുകൾ, ആസ്തികളുടെ ബോർഡുകൾ സ്ഥാപിക്കൽ- അപാകതകൾ

.

| | |
|---|---|
| പ്രൊജക്ട് നം. | 50/2017-18 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | അതിർത്തി നിർണ്ണയ ബോർഡുകൾ, ആസ്തികളുടെ ബോർഡുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 75000 |
| ചെലവ് | 75000 |
| ബിൽ നം. | നം.44/2017-18 28-03-2018 |

മേൽ പ്രോജക്ട് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. ആകെ എത്ര ബോർഡുകളാണ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല.
2. ആദ്യ ടെണ്ടർ സമയത്തും റീ ടെണ്ടറിലും 75000/- രൂപയാണ് അടങ്കൽ ആയി കൊടുത്തിട്ടുള്ളത്. 75000/- രൂപ ടെണ്ടർ ഉറപ്പിച്ച കരാറുകാരനായ ശ്രീ. എൽദോ ജോർജ്ജ്, ചെങ്ങമനാടൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്.എന്നാൽ ടി തുകക്ക് എന്ത് പ്രവൃത്തിയാണ് ചെയ്തത് എന്ന വിവരം ലഭ്യമല്ല.
3. റീ ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. ആയതിന് അടങ്കൽ തുകയായ 75000/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ചെയ്ത ജോലി സംബന്ധിച്ച വിവരങ്ങൾ/ബിൽ വിവരങ്ങൾ പൂർണ്ണമല്ല.
4. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരനുമായി നെഗോസ്യേഷൻ നടത്തിയിട്ടില്ല.
5. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് ഇല്ല.

. മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15 ന് മറുപടി ലഭ്യമാക്കിയതിൽ മനപ്പൂർവ്വമല്ലാത്ത വീഴ്ചകളാണ് മേൽ അപാകതകൾക്ക് കാരണം എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

.

## 3-7 ഫ്രണ്ട് ഓഫീസ് സൗകര്യ വർദ്ധനവ് - പ്രോജക്ട് അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 225/17-18 |
| പ്രോജക്ടിന്റെ പേര് | ഫ്രണ്ട് ഓഫീസ് സൗകര്യ വർദ്ധനവ് |
| അടങ്കൽ | 110000/- |
| ചെലവ് | 98950/- |
| ബിൽ നം. | നം.47/2017-18 28-03-2018 |
| നിർവ്വഹണം | സെക്രട്ടറി |

2017-18 വർഷം നടപ്പാക്കിയ ഫ്രണ്ട് ഓഫീസ് സൗകര്യ വർദ്ധനവ് എന്ന പ്രോജക്ട് പ്രകാരം, ഫ്രണ്ട് ഓഫീസിലേക്ക് ഫർണിച്ചറും, ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങി വിവിധ ഇനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | തുക |
|---|---|---|
| താഴത്തെവീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം | ഫർണ്ണിച്ചർ | 56850 |
| നെല്ലൂർ ഹോം ഷോപ്പി, കോതമംഗലം | ഇലക്ട്രിക് സാധനങ്ങൾ | 42100 |
| ആകെ | | 98950 |

1.മേൽ വിവരിച്ചവയിൽ ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, ജി.ഒ.(പി)259/2010 ത.സ്വ.ഭ.വ 08-11-2010 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേക്കുള്ള വാങ്ങലുകൾക്ക് മതിപ്പുവില 25000 ന് മുകളിലും 100000 ൽ താഴെയുമുള്ളവയ്ക്ക് ലിമിറ്റഡ് ടെണ്ടറിംഗ് നടപടികളും, 5000 രൂപ മുതൽ 25000/-രൂപ വരെ ക്വട്ടേഷൻ രീതിയും ആണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇലക്ട്രിക് സാധനങ്ങൾ 42100/- രൂപയ്ക്ക് വാങ്ങിയത് ടെണ്ടർ നടപടികളിലൂടെ അല്ല. ആയത് മേൽ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/28-11-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ഇപ്രകാരം സംഭവിച്ചത് തെറ്റായ ധാരണ പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലേക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ മാർഗ്ഗരേഖ പ്രകാരം നടപടികൾ അനുവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വനിതകൾക്ക് തായ്ക്കോണ്ടോ പരിശീലനം - ഗുണഭോക്തൃ ലിസ്റ്റ് ഇല്ല.

| | |
|---|---|
| പ്രൊജക്ട് നം. | 191/2017-18 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് തായ്ക്കോണ്ടോ പരിശീലനം |
| അടങ്കൽ | 20000 |
| ചെലവ് | 9000 |
| ബിൽ നം. | 43/2017-18 – 28-03-2018 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പ്രൊജക്ട് പരിശോധിച്ചതിൽ വനിതകൾക്കുള്ള തായ്ക്കോണ്ടോ പരിശീലനത്തിൽ

പങ്കെടുത്തവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ല. ഗ്രാമ പഞ്ചായത്തിന്റെ വാർഡ് തല ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത് 4 വനിതകളാണ്. 36 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് |
|---|---|---|
| 1 | കാളിക്കുട്ടി അയ്യപ്പൻ | 3 |
| 2 | അഞ്ജലി സജി | 5 |
| 3 | ഉണ്ണിമായ കെ.എം. | 7 |
| 4 | ശ്രീജ പി.ശ്രീനിവാസൻ | 12 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് തായ്ക്കോണ്ടോ പരിശീലനം നൽകിയതിന് വിശദീകരണം ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/29-11-2018 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മാത്രമേ ആനുകൂല്യം നൽകാവൂ എന്നിരിക്കെ ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവരെ പങ്കെടുപ്പിച്ച് തായ്ക്കോണ്ടാ പരിശീലനം നൽകിയത് നിയമ വിരുദ്ധമാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിലും ഗുണഭോക്തൃ ലിസ്റ്റ് പരിഗണിച്ചല്ല ആനുകൂല്യങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 9000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 12/17-18 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര |
| അടങ്കൽ | 385000 |
| ചെലവ് | 385000(100 മേശ+100 കസേര) |
| ബിൽ നം. | 9/17-18, തീ. 25-10-2017 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി. |

മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

03-04-2017 ലെ സ.ഉ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 11-4 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 5000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകേണ്ടത്. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർദ്ധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങണം. എന്നാൽ മേൽ പ്രൊജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെയാണ്.

(1) പട്ടികജാതി/വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചത് സംബന്ധിച്ച വിവരം തെളിയിക്കുന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. ഇതിന് മുമ്പ് ആനുകൂല്യം ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ നിർവ്വഹണോദ്യോഗസ്ഥനായ

അസിസ്റ്റന്റ് സെക്രട്ടറി നടത്തിയിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ ഇതിന് മുമ്പ് ആനുകൂല്യം കൈപ്പറ്റിയവർ എന്ന് രേഖപ്പെടുത്തി വിദ്യാർത്ഥികളുടെ പേര് നീക്കിയിട്ടുണ്ട്. ഈ വിവരം അപേക്ഷകളിൽ ഇല്ല.

2. മേശ – കസേര ആനുകൂല്യം ലഭിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ അപേക്ഷ ഇല്ലാതെ തന്നെ ആനുകൂല്യം നൽകിയിട്ടുണ്ട്.

3. രജിസ്റ്റർ പരിശോധിച്ചതിൽ ആകെ എത്ര കുട്ടികൾക്കാണ് ആനുകൂല്യം നൽകിയത് എന്ന വിവരം ഇല്ല.

. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകൾ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയവ ശരിയായി സൂക്ഷിക്കുന്നതിലും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിലും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 3,85,000/- രൂപ തടസ്സപ്പെടുത്തുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| “ | “ | 50000 | അങ്കണവാടി കെട്ടിട നിർമ്മാണം | 396171 | 103829 |
| “ | “ | 150000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | “ | 450000 | സമഗ്ര നെൽകൃഷി വികസനം | 450000 | 0 |

.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4904390 | 1100000 | 0 | 1100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

. ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

. ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4410841/-രൂപ വരവുണ്ട്. മുൻബാക്കി 129589/-രൂപയടക്കം 4540430/-രൂപയിൽ 4540430/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 564/10 തീയതി 22/2/10 | 7311265 | 1123184 | 500000 | 0 | 623184 |
| കോട്ടപ്പടി ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം- KURDFC ലോൺ | 492/15/ തസ്വഭവ/ 19.2.15<br>2016-17<br>2017-18 | 2860975<br>4405943<br>7266918 | 2860975 | 0 | 516291 | 7266918 |

- KURDFC ലോൺ തിരിച്ചടിക്കുവാൻ ബാക്കിനിൽക്കുന്ന തുകയിൽ AFS മായി 4898/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയത് വിശദമാക്കേണ്ടതാണ്.
-

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | 12 പേരിൽ 8 ആളുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. |
| “ | 2.1(B) | “ | “ | “ | 10 സ്ഥാപനങ്ങളിൽ 9 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67540604 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69572512 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 526100 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-3 | 2100 | ശ്രീ. ഷറഫുദ്ദീൻ, വെറ്ററിനറി സർജൻ |
| 3-4 | 30000 | ശ്രീമതി.ശ്രീകല എസ്. സെക്രട്ടറി |
| 3-5 | 1,00,000 | ശ്രീമതി. അഥിതി ദേവി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 9000 | ശ്രീമതി. ശ്രീകല എസ്, സെക്രട്ടറി |
| 3-9 | 385,000 | ശ്രീമതി അഥിതി ദേവി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 526100 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-2, 3-5 | ശ്രീമതി അഥിതി ദേവി അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കോങ്ങാട് ഗ്രാമപഞ്ചായത്ത് പാലക്കാട് | ചന്ദ്രമന ഇല്ലം കോട്ടപ്പടി പി.ഒ, കോതമംഗലം, എറണാകുളം. |
| 3-3 | ശ്രീ. ഷറഫുദ്ദീൻ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | HIRA, UTRA -72, ചങ്ങമ്പുഴ നഗർ പി.ഒ, ഇടപ്പള്ളി, എറണാകുളം. |
| 3-4, 3-8 | ശ്രീകല എസ്. സെക്രട്ടറി | സെക്രട്ടറി പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | വട്ടംതട്ടയിൽ ഹൌസ്, മണക്കാട് പി.ഒ, തൊട്ടുപുഴ, ഇടുക്കി. |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.ഇ(പി1)1147/99/4.2.1998 | |
| 1997-98 | എൽ.എഫ്.ഇ(പി 1)102/03/7.8.2003 | |
| 1998-99 | എൽ.എഫ്.ഇ(പി 1)886/04/9.2.2005 | |
| 1999-00 | എൽ.എഫ്.ഇ(പി 1)887/04/9.2.2005 | |
| 2000-01 | എൽ.എഫ്.ഇ(പി 1)888/04/9.2.2005 | |
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 | |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 | |

| | | |
|---|---|---|
| 2010-11<br>2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 | |
| 2012-13<br>2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016<br>തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016<br>തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017<br>തീയതി 25.11.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടയുള്ള ആസ്തികൾ പൂർണ്ണമായും അക്കൌണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്